# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1500**

**02.07.2015 - ൽ മറുപടിക്ക്**

## നീര ഉല്പാദനം,സംസ്കരണം, വിതരണം എന്നീ മേഖലകളുടെ വിപുലീകരണം

| ചോദ്യം<br>ശ്രീ.എളമരം കരീം | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് നീര ഉത്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന എത്ര കമ്പനികളാണുള്ളതെന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാമാണ് എന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് നീര ഉത്പാദനവുമായി ബന്ധപ്പെട്ട് നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള 173 നാളികേര ഉല്പാദക ഫെഡറേഷനുകൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്നും ഇതിൽ 168 എണ്ണത്തിന് ലൈസൻസ് നൽകിയിട്ടുള്ളതായും എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. വിശദമായ വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല |
| ബി) നീരചെത്ത്, നീരസംസ്കരണം, വിതരണം എന്നിവയിലായി ഇതുവരെ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം, പടന്നക്കാട് കാർഷിക കോളേജിൽ 2014 നവംബർ 1 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ നീര ഉൽപാദനവും, സംസ്കരണവും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റിനോടനുബന്ധിച്ച് താൽക്കാലികമായി ഏകദേശം 30 പേർ ജോലി ചെയ്തുവരുന്നു. മറ്റ് വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല. |
| സി) സോഫ്റ്റ് ഡ്രിങ്ക് വിൽപ്പന ശാലയിലൂടെ സീൽഡ് ബോട്ടിൽ നീര വിൽക്കുന്നതിന് എന്തുകൊണ്ടാണ് അനുമതി നൽകാത്തത് എന്ന് വ്യക്തമാക്കുമോ;<br><br>ഡി) അപകടമാം വിധം കീടനാശിനി ചേർത്തിട്ടുണ്ടെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട കുത്തക സോഫ്റ്റ് ഡ്രിങ്ക്സുകൾ വിൽക്കപ്പെടുമ്പോൾ ഔഷധഗുണമുള്ളതും ആൽക്കഹോളില്ലാത്തതുമായ നീര വിൽക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കുമോ;<br><br>ഇ) നീരയുടെ ഉത്പാദന - വിതരണ മേഖല വിപുലീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുമോ; | സി) ഡി) & ഇ) സംസ്ഥാനത്ത് നാളികേര വികസന കോർപ്പറേഷനെയാണ് നീരയുടെ വിപണന ചുമതല ഏൽപ്പിച്ചിരിക്കുന്നത്. നാളികേര വികസന കോർപ്പറേഷൻ തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീൻ മുഖേനയും നാളികേര വികസന കോർപ്പറേഷന്റെ ഏലത്തൂർ, എറണാകുളം ജില്ലയിലെ വൈറ്റില എന്നിവിടങ്ങളിലെ വിൽപന കേന്ദ്രങ്ങൾ മുഖേനയും നീര വിപണനം നടത്തുന്നുണ്ട്. നീരയുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി നാളികേര വികസന കോർപ്പറേഷന് 90 ലക്ഷം രൂപ നൽകികഴിഞ്ഞു.<br>നീരയുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ